"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -ശ്രീ.വി.എ.മൻസൂറിന്റെ അപ്പീൽ അപേക്ഷ നിരസിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.357/2024/LSGD തീയതി,തിരുവനന്തപുരം, 13-02-2024

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 24.08.2023 ലെ എൽ.എസ്.ജി.ഡി/പി ഡി/23606/2023-വിജ് എ2 നമ്പർ ഉത്തരവ്
2. ശ്രീ വി എ മൻസൂർ സമർപ്പിച്ച 20.10.2023 തീയതിയിലെ അപ്പീൽ അപേക്ഷ
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.10.2023 ലെ LSGD/PD/23606/2023-/VIGA2 നമ്പർ കത്ത്

**ഉത്തരവ്**

ശ്രീ.വി.എ.മൻസൂർ, നഗരകാര്യ ഡയറക്ടറേറ്റിലെ ക്ലർക്കായി സേവനമനുഷ്ഠിച്ച കാലയളവിൽ, നഗരകാര്യ ഡയറക്ടറേറ്റിൽ നടത്തിയ ഫിനാൻസ് ഇൻസ്പെക്ഷൻ പരിശോധന റിപ്പോർട്ടിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാർ തുക ട്രഷറിയിൽ ഒടുക്കുന്നതിൽ സംഭവിച്ച വീഴ്ചയ്ക്ക് ടിയാനെതിരായി ആരംഭിച്ച അച്ചടക്ക നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം 1 ഉത്തരവ് പ്രകാരം ടിയാന്റെ ഒരു വാർഷിക വേതന വർദ്ധനവ് ഒരു വർഷത്തേക്ക് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ ടിയാൻ പരാമർശം 2 പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയയിൽ താഴെ പറയുന്ന കാര്യങ്ങൾ സൂചിപ്പിച്ചിരിക്കുന്നു.

2. KMBR-99 പ്രകാരമുള്ള സൂപ്പർവൈസർ/എൻജിനീയർ ലൈസൻസ് കൈകാര്യം ചെയ്യുന്ന ഡി സെക്ഷൻ ചുമതല ടിയാൾക്ക് നൽകുന്നത് 23/09/2006 ലാണ്. ഇപ്പോൾ 14 ജില്ലകളിലെ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലായി നിർവഹിക്കപ്പെടുന്ന ടി ജോലി അന്ന് നഗരകാര്യ വകുപ്പ് ആസ്ഥാന ഓഫീസിലെ ഒരൊറ്റ സീറ്റിലാണ് കൈകാര്യം ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ വകുപ്പിൽ ഏറ്റവും അധികം കുടിശ്ശിക ഫയലുകൾ ഉണ്ടായിരുന്ന ഭാരിച്ച സീറ്റിലാണ് സർവീസിലെ തുടക്കക്കാരനായ ടിയാൾക്ക് ചുമതല നൽകിയിരുന്നത് എന്ന്

അറിയിക്കുന്നു (Date of joining service -10.04.2006). സർവീസിൽ തുടക്കക്കാരനായ ഒരു ജീവനക്കാരനെ സംബന്ധിച്ചിടത്തോളം സൂപ്പർവൈസറി ഉദ്യോഗസ്ഥന്മാരുടെ ഉപദേശ നിർദേശങ്ങൾക്കും ഓഫീസിൽ അതുവരെ തുടർന്ന് പോരുന്ന കീഴ്വഴക്കങ്ങൾക്കും അനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ ടിയാന്റെ ഭാഗത്ത് നിന്ന് ഇക്കാര്യത്തിൽ ബോധപൂർവ്വമായ വീഴ്ചകൾ ഒന്നും തന്നെ സംഭവിച്ചിട്ടില്ല എന്ന് ബോധിപ്പിച്ചിരിക്കുന്നു. ഓഫീസിൽ നിലവിലുള്ള കീഴ്വഴക്കം അനുസരിച്ച് ഒരാഴ്ച പിരിഞ്ഞു കിട്ടുന്ന തുക മൊത്തമായി ട്രഷറിയിൽ അടയ്ക്കുന്ന രീതിയാണ് ടിയാനും തുടർന്ന് പോന്നിരുന്നത് എന്നും പ്രസ്തുത തുക ട്രഷറിയിൽ ഒടുക്കി ചലാൻ ഹാജരാക്കിയിട്ടുള്ളതാണ് എന്നും അറിയിക്കുന്നു. ടിയാന്റെ 17 വർഷത്തിലധികം നീണ്ട സർവീസ് ജീവിതത്തിൽ ഉടനീളം അർപ്പിതമായ കർത്തവ്യങ്ങൾ അങ്ങേയറ്റം ആത്മാർത്ഥതയോടെയും കാര്യപ്രാപ്തിയോടെയും നിർവഹിച്ചിട്ടുള്ളതാണ് എന്നും അറിയിക്കുന്നു. ലൈസൻസ് സെക്ഷനിൽ ജോലി ചെയ്തിരുന്ന കാലയളവിൽ ആയിരക്കണക്കിന് കുടിശ്ശിക ഫയലുകൾ സെക്ഷനിൽ ഉണ്ടായിരുന്നത് ഏതാനും മാസങ്ങൾ കൊണ്ട് തന്നെ പൂർണമായും കുടിശികരഹിതമാക്കാനും സാധിച്ചിട്ടുള്ളതും ആയത് അന്നത്തെ ടീയാളുടെ മേൽ ഉദ്യോഗസ്ഥരുടെ പ്രശംസയ്ക്ക് കാരണമായിട്ടുള്ളതുമാണ് എന്നും അറിയിക്കുന്നു. പിന്നീട് അഞ്ചു വർഷത്തോളം അഡ്വക്കേറ്റ് ജനറൽ ഓഫീസിൽ നഗരകാര്യ വകുപ്പിന്റെ കോടതി കേസുകളുടെ ഏകോപന ചുമതല (ലൈസൺ ജോലികൾ) ചെയ്യുവാനും നിയോഗിക്കപ്പെട്ടിട്ടുണ്ട്. കോടതി കേസുകളുടെ പുരോഗതി യഥാസമയം വകുപ്പിനെയും സർക്കാരിനെയും അറിയിക്കുന്നതിലും സർക്കാർ അഭിഭാഷകരുമായി ബന്ധപ്പെട്ട് കാര്യക്ഷമമായ രീതിയിൽ ഫോളോ അപ്പ് നടത്തി വളരെ നല്ല രീതിയിൽ കോടതി കേസുകൾ നടത്തുന്നതിലും നിതാന്ത ജാഗ്രത പുലർത്തിയിട്ടുള്ളതാണെന്ന് ടിയാൻ ബോധിപ്പിച്ചിരിക്കുന്നു.

3. മേൽ വിവരിച്ച വസ്തുതകൾ പരിഗണിച്ച് നിയമങ്ങളുടെയും ചട്ടങ്ങളുടെയും അറിവില്ലായ്മ മൂലം സർവീസിന്റെ തുടക്ക കാലഘട്ടത്തിൽ സംഭവിച്ച പാകപ്പിഴവ് ബോധപൂർവ്വം അല്ലായെന്ന് ബോധ്യപ്പെട്ട് ടിയാന്റെ വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ അല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ പ്രിൻസിപ്പൽ ഡയറക്ടറുടെ സൂചനയിലെ ഉത്തരവ് പുനഃപരിശോധിച്ച് ടി ശിക്ഷാനടപടി ഒഴിവാക്കുന്നതിനുള്ള ദയവുണ്ടാകണമെന്ന് ശ്രീ.വി.എ.മൻസൂർ അപേക്ഷിച്ചിരിക്കുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ശ്രീ.വി.എ.മൻസൂറിന്റെ ഭാഗത്തു നിന്ന് സർക്കാരിന് സാമ്പത്തിക നഷ്ടമുണ്ടാകുന്ന ഗുരുതരമായ വീഴ്ച ഉണ്ടായതായി കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് ടിയാന്റെ വാർഷിക ഇൻക്രിമെന്റ്

സഞ്ചിതഫലത്തോടെ അല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞുകൊണ്ട് ടിയാനെതിരെ ആരംഭിച്ച അച്ചടക്കനടപടി പ്രിൻസിപ്പൽ ഡയറക്ടർ പൂർത്തിയാക്കിയിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ശ്രീ.വി.എ.മൻസൂറിന്റെ അപ്പീൽ അപേക്ഷ പരിഗണനാർഹമല്ലാത്തതിനാൽ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പകർപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തൃശ്ശൂർ
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.വി.എ.മൻസൂർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 13-02-2024 15:26:32
സെക്ഷൻ ഓഫീസർ